

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

**കൈത്താ മൂന്നാം ഞായർ**

2024
ജൂലൈ 21



# അനുപൂരകശുശ്രൂഷയുടെ സാഹോദര്യം

**റൂത്ത് 1:6 – 18; പ്രഭാ 33:7 – 13; റോമ 12:3 – 8; ലൂക്ക 10:38 – 42**

‘ഒരിക്കൽ ഒരിടത്ത്’ എന്നു തുടങ്ങുന്ന കഥവർണ്ണന നമ്മുക്ക് വളരെ പരിചിതമാണ്. എന്തും തുടങ്ങി വയ്ക്കാൻ ഒരിടം നല്ലതാണ്. ബഥനിയ എന്ന ഗ്രാമം ഒരിടമായിരുന്നു. എന്നാൽ ബഥനിയാ എന്ന ഗ്രാമത്തെക്കുറിച്ച് പറയാൻ രണ്ടു സ്ത്രീകളെയാണ് ആമുഖമായി ഉപയോഗിക്കുന്നത്. മർത്തയുടെയും മറിയത്തിന്റെയും ഗ്രാമമായ ബഥനിയാ. (യോഹ11:1) ലാസർ എന്ന പുരുഷനെ പരിചയപ്പെടുത്താനും ഈ രണ്ടു സ്ത്രീകളാണ് അടയാളം. സമൂഹത്തിൽ സ്വീകാര്യതയും അഗീകാരവും ഉള്ള സഹോദരിമാർ എന്ന നിലയിൽ മർത്തയും മറിയവും ശോഭിച്ചിരുന്നു എന്നതിന് ഇതു തന്നെ അടയാളം. സ്ത്രീകളെ ആദരവോടെ കാണുന്ന ഇടങ്ങളുടെ സുഗന്ധമുള്ള ചിന്തകളാണ് ലൂക്കാ സുവിശേഷകൻ 10-ാം അധ്യായം 38-42 വാക്യങ്ങളിലൂടെ പങ്കുവയ്ക്കുന്നത്.

## വ്യത്യസ്തതകൾ പരസ്പരപൂരകം

മർത്തയും മറിയവും പുലർത്തിയ വ്യത്യസ്തസമീപനമാണ് ചിന്താവിഷയം. ഓരോ വ്യക്തിയും സവിശേഷ സ്വഭാവമുള്ള സൃഷ്ടിയാണ്. ‘കർത്താവ് ജ്ഞാനത്തിന്റെ പൂർണ്ണതയിൽ അവരെ വിവേചിക്കുകയും വ്യത്യസ്തമാർഗ്ഗങ്ങളിൽ നിയോഗിക്കുകയും ചെയ്തു’ (പ്രഭാഷകൻ 33:13). വ്യത്യസ്തതകളുടെ വിവേചനം ദൈവംതന്നെ നിർവ്വഹിക്കുന്നതിനാലാണ്, സഹോദരിമാരെങ്കിലും മർത്തയും മറിയവും വ്യത്യസ്തരായത്. നമുക്കു ലഭിച്ചിരിക്കുന്ന കൃപയനുസരിച്ച് നമുക്കുള്ള ദാനങ്ങളും വ്യത്യസ്തങ്ങളാണ് (റോമ12:6) വ്യത്യസ്ത വരദാനങ്ങളാണ് നമ്മെ ഏകതാബോധത്തിൽ തുടരാൻ സഹായകമാകുന്നത് എന്ന തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് മർത്താ -മറിയം സാഹോദര്യം.

## മർത്തായുടെ പാഠങ്ങൾ

### (i) സ്വീകരണത്തിനുള്ള സന്നദ്ധത

യേശുവിന് സ്വഭവനത്തിലേക്ക് സ്വീകരണം നൽകുന്നതിന് മർത്തായാണ് മുന്നിൽ നിന്നത്. സ്വഭവനം എന്നത് സ്വഹൃദയത്തിന്റെ ഒരു പ്രതിഫലനമാണ്. യേശുവിനെ മർത്താ ഹൃദയത്തിൽ സ്വീകരിച്ച തിനാലാണ് ഭവനത്തിലേക്ക് സ്വാഗതം ചെയ്തത്. സാമൂഹ്യപരതയും, മുന്നിട്ടു നിന്ന് പ്രവർത്തിക്കാനുള്ള മർത്തായുടെ ശേഷിയും പ്രകടമാണ്.

### (ii) കർമ്മനൈപുണി

ഭവനത്തിലെത്തിയ യേശുവിനെ അതിഥി എന്ന നിലയിൽ ആദരിക്കുന്നതിലായിരുന്നു മർത്തായുടെ ശ്രദ്ധ.



ഡോ. റോസ് ഫിലിപ്പ്

അതിഥികളെ സൽക്കരിക്കുന്നത് ധർമ്മമാണെന്ന് (റോമാ 12:13) ഭവനത്തിലുള്ളവർ അനുഷ്ഠിക്കുമ്പോ ഴാണ് അതിഥി സംതൃപ്തിയടയുന്നത്. അതുകൊണ്ടു തന്നെ തനിച്ച് വ്യത്യസ്തങ്ങളായ ശുശ്രൂഷകളിൽ അവൾ വ്യാപൃതയായി. സ്വന്തം ലാഭങ്ങൾക്കല്ല, മറിച്ച് ഭവനവുമായി ബന്ധപ്പെട്ട ശുശ്രൂഷകളിലായിരുന്നു അവൾ. കർമ്മനിരതയായി ഉത്തരവാദി ത്വങ്ങൾ നിറവേറ്റുന്ന മർത്താ, ആത്മീയ തയുടെ ധ്യാനലോകവും കർമ്മലോക വും വ്യത്യസ്തമാണെന്ന് സൂചിപ്പിക്കുന്നു.

(iii) നേർസമീപനത്തിന്റെ ഭാഷ

മർത്താ വ്യാപൃതയായിരുന്ന ശുശ്രൂഷകളിൽ ശാരീരിക അദ്ധ്വാനവും ആവശ്യമായിരുന്നു. ക്ഷീണിതയായ നേരമാകണം മറിയത്തിന്റെ സഹായം ആഗ്രഹിച്ചത്. മറിയത്തോട് ഏതെങ്കി ലും ആംഗ്യഭാഷയിൽ സഹായം ചോദിക്കാൻ മർത്താ ശ്രമിച്ചില്ല. തനിക്ക് സഹായം വേണമെന്ന് മറിയത്തോട് പ്രയാസം അറിയിക്കാനും ശ്രമിച്ചില്ല. ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ കൃത്യത യുള്ള പ്രശ്നപരിഹാരമാർഗ്ഗമാണ് മർത്താ തെരഞ്ഞെടുക്കുന്നത്. യേശു വിന്റെ അടുത്തുചെന്നു പറഞ്ഞു. (ലൂക്കാ 10:40) നീ ശ്രദ്ധിക്കുന്നില്ലേ? എന്നതാണ് പരാതി. ഞാൻ തനിയെ യാണ് എന്നത് നീ അറിയുന്നില്ലേ എന്ന ചോദ്യം ജീവിതത്തിൽ സർവ്വ ആകുല തകളിലും നമ്മുടെ ചോദ്യമാണ്. ആയതി നാൽ സഹോദരിയോട് സഹായിക്കാൻ പറയുക എന്നതാണ് ആവശ്യം. നമ്മുടെ ആവശ്യവുംഅതു തന്നെയല്ലേ- സഹായംവേണം. സമ്മർദ്ദങ്ങളിൽ പിറു പിറുപ്പല്ല വേണ്ടത്- കൃത്യമായ ആശയ വിനിമയം സാധ്യമാക്കുന്ന മർത്താ നേരുള്ള സമീപനങ്ങളാണ് ഭവന ത്തിന്റെ ഉള്ളറകളെ ഹൃദ്യമാക്കുന്ന തെന്ന് കാണിക്കുന്നു.

## മറിയത്തിന്റെ പാഠങ്ങൾ

(i) ശരിയായ മുൻഗണനാക്രമം

ഗുരു വീട്ടിലെത്തുകയെന്നത്, ആതിഥ്യം സ്വീകരിക്കുകയെന്നത് അപൂർവ്വ ഭാഗ്യമാണ്. ജനക്കൂട്ടത്തിന്റെ മധ്യേ ആയിരിക്കുന്നവന്റെ സാന്നിധ്യം സ്വന്തം വീട്ടിൽ ലഭ്യമാകുമ്പോൾ, അത് പരമാവധി അനുഭവ വേദ്യമാക്കുക എന്നതിനാണ് മറിയം മുൻഗണനകൊ ടുക്കുന്നത്. അനേകം ശുശ്രൂഷകൾ ചെയ്യാൻ നിയോഗിക്കപ്പെടുന്നവർ മുൻഗണനാക്രമങ്ങൾ നിശ്ചയിച്ചാണ് വിജയകരമായി പലതും പൂർത്തിയാ ക്കുന്നത്. മറിയം നല്ല ഭാഗം തെരഞ്ഞെ ടുത്തു (ലൂക്കാ10:42) എന്നത് അർഥമാ ക്കുന്നത് മറിയത്തിന്റെ മുൻഗണനാ ക്രമം ശരിയായി എന്നാണ്.

(ii) ശരിയായ ഇരിപ്പിടം

നാം ആയിരിക്കുന്ന ഇടങ്ങൾക്ക് അതിന്റെതായ പ്രാധാന്യമുണ്ട്. ഇന്ദ്രിയാനുഭവങ്ങളെ, ചിന്തകളെ, പ്രവൃത്തികളെ ക്രമീകരിക്കുന്നതിൽ നമ്മുടെ ഇരിപ്പിടങ്ങൾ സ്വാധീനിക്കു ന്നുണ്ട്. മറിയം തെരഞ്ഞെടുത്ത ഇരിപ്പിടം യേശുവിന്റെ പാദങ്ങൾക്കു സമീപമായിരുന്നു. വിധേയത്വം, ആദരവ്, സന്നദ്ധത ഇവ പ്രകടമാകുന്ന സ്ഥലമാണ് ഇരിക്കാൻ മറിയം തെരഞ്ഞെ ടുത്തത്. ഏറ്റവും ശ്രദ്ധാപൂർവ്വം ശുശ്രൂ ഷിക്കുന്നതിന് സഹായിക്കുന്ന ഇടവും കർത്താവിന്റെ പാദങ്ങൾതന്നെ.

അവിടെ ലഭിക്കുന്ന കരുതൽ, സ്നേഹം,സുരക്ഷിതത്വം മറ്റെവിടെയും ലഭ്യമല്ലല്ലോ. ഗുരുവിന്റെ പാദത്തിലായി രിക്കുക എന്നത് ശ്രേഷ്ഠ ശിഷ്യത്വ ത്തിന്റെ മാതൃകയാണ്. മറിയം തെരഞ്ഞെ ടുത്ത നല്ല ഭാഗം യേശുവിന്റെ ശിഷ്യ ത്വമായിരുന്നു. യേശുവിനെ ശുശ്രൂഷി ക്കുക എന്ന മർത്തയുടെ തെരഞ്ഞെ ടുപ്പിനെക്കാൾ ഗുരുവിന് സ്വീകാര്യത മറിയ ത്തിന്റെ തെരഞ്ഞെടുപ്പു തന്നെ.

(iii) ആത്മീയതയുടെ കേൾവി

പാദത്തിലിരുന്ന് കാഴ്ചക്കാരി യായിട്ടല്ല- മറിച്ച് വചനത്തിന്റെ കേൾവിക്കാരിയായി ഒരു വചനശുശ്രൂ ഷയായിരുന്നു മറിയത്തിന്റെ ധർമ്മം. വചനത്തെ സ്വീകരിച്ച്, സകല ഉൽക്ക ണ്ഠകൾക്കും അവധി കൊടുത്ത്, ആകുലതകൾ അകറ്റി മറിയം അവിടെ തുടർന്നു. തന്റെ സഹോദരി എന്തുചെ യ്യുന്നു എന്ന ആകുലതയോ, ആകാം ക്ഷയോ പോലും മറിയത്തെ അലട്ടി യില്ല. ഏതെങ്കിലും തരത്തിലുള്ള ന്യായീകരണങ്ങളാൽ മർത്തായെ ബോധ്യപ്പെടുത്തുന്നതായും നാം വായിക്കുന്നില്ല. വചനം ആഗിരണം ചെയ്യുന്ന വ്യക്തികൾ ജീവിതവഴി കളിൽ സമ്മർദ്ദങ്ങളെ തരണം ചെയ്യുന്നവരാണ്. അവർ പരാതിക്കെട്ടു കളും, പരിഭവഭാണ്ഡങ്ങളും പണ്ടേ ഉപേക്ഷിച്ചവരാണ്.

കർത്താവിനെ സ്വഭവനത്തിൽ സ്വീകരിച്ചു എന്നു വിശ്വസിക്കുന്ന നാം ഏതു ശുശ്രൂഷയാണ് തെരഞ്ഞെടുത്തി രിക്കുന്നത്? യേശുവിനായി കർമ്മം ചെയ്യുന്ന ശുശ്രൂഷയോ, പാദത്തിൽ ചേർന്ന് വചനം ഉൾക്കൊള്ളുന്ന ശുശ്രൂഷയോ? അതോ ഇതൊന്നു മല്ലാത്ത വ്യാപാരങ്ങളുടെ വ്യഗ്രതക ളാണോ നമ്മെ അലട്ടുന്നത്? നല്ലഭാഗം തെരഞ്ഞെടു ക്കുന്നതിലൂടെ, വിവിധ കർമ്മങ്ങളുടെ സമന്വയത്തിലൂടെ സാഹോദര്യ ത്തിന് ഭംഗം തട്ടാതെ മുന്നേറാൻ നമ്മുക്ക് കഴിയേണ്ടതാണ്.

ഒരു വീട്ടിലെ സഹോദരിമാരായ മർത്തയും മറിയവും വ്യത്യസ്തരാണ്. പക്ഷേ പരസ്പരപൂരകങ്ങളായ ഉത്തര വാദിത്വങ്ങൾ ഏറ്റെടു ക്കുന്നവരാണ്. നാം നിയോഗിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങളുടെ നീതിപൂർവ്വമായ നിർവ്വഹണം ക്രിസ്തുശിഷ്യത്വത്തി ലേക്കുള്ള വഴി തന്നെ.

അവശർക്കുവേണ്ടി പ്രാർഥിച്ചു എന്നതല്ല, അവശർക്കുവേണ്ടി പ്രവർ ത്തിച്ചു എന്നതിനാലാണ് മദർതെരേസ വിശുദ്ധഅമ്മയായത്. പ്രാർഥനയും, പ്രവൃത്തിയും ചേർന്നുപോകുന്ന ജീവിതശൈലിയിലേക്കാണ് മർത്താ- മറിയം സഹോദരിമാർ നമ്മെ കൈപിടിച്ചു നടത്തുന്നത്.

മർത്തായെപ്പോലെ, ഞാൻ ചെയ്യുന്നത് ശ്രദ്ധിക്കണം, എന്നെ സഹായിക്കണം എന്ന ബലഹീനചിന്ത കൾ ഒഴിവാക്കിയാൽ സ്വന്തം ഓട്ടം ഭംഗിയായി പൂർത്തീകരിക്കാം. എല്ലാറ്റിനും തുടക്കമാകേണ്ടത് സ്വഭവന ത്തിലേക്ക് അവനെ സ്വീകരിക്കുക എന്നതാണ്. സഹോദരിമാരുടെ കണ്ണീരിൽ, ലാസറിനെ ഉയിർപ്പിക്കാൻ അവൻ ബഥനിയായിൽ വീണ്ടുമെ ത്തിയപോലെ, പല നൊമ്പരനേര ങ്ങളിലും അവൻ ഓടിയെത്തും.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com